# പോലീസ് വകുപ്പ്
# കേരളം

**No. U1-233354/2024/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
✉phq.pol@kerala.gov.in
📞04712721547
തീയതി. 27-01-2025

**മുതിർന്ന പൗരന്മാർ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങൾ**

- നിങ്ങളുടെ ജോലിക്കാരുടെ മുൻപിൽ വച്ച് ഒരിക്കലും സാമ്പത്തിക കാര്യങ്ങൾ ചർച്ച ചെയ്യരുത്.
- നിങ്ങളുടെ വിലപിടിപ്പുള്ള വസ്തുക്കൾ ഏതെങ്കിലും ബാങ്കിന്റെ സുരക്ഷിത നിക്ഷേപ അറകളിൽ (ലോക്കറുകളിൽ) സൂക്ഷിക്കുന്നതാണ് എപ്പോഴും സുരക്ഷിതം.
- നിങ്ങളുടെ ജോലിക്കാരോട് മനുഷ്യത്വപരമായി പെരുമാറുക.
- ജോലിക്കാരുടെ ഏതെങ്കിലും ബന്ധുക്കളെയോ സുഹൃത്തുക്കളെയോ നിങ്ങളുടെ വീട് സന്ദർശിക്കാൻ അനുവദിക്കരുത്. അയാൾക്ക് സ്ഥിരമായി ഏതെങ്കിലും സന്ദർശകർ ഉണ്ടെങ്കിൽ, പോലീസിനെക്കൊണ്ട് ടിയാന്റെ പൂർവ്വചരിത്രം പരിശോധിക്കേണ്ടതും അത്തരം വ്യക്തിയുടെ ടെലഫോൺ നമ്പർ സൂക്ഷിക്കാൻ ശ്രമിക്കേണ്ടതുമാണ്.
- നിങ്ങൾ ഒറ്റയ്ക്ക് താമസിക്കുന്ന കാര്യത്തെക്കുറിച്ച് നിങ്ങളുടെ അയൽക്കാരന് അറിവ് നൽകേണ്ടതാണ്. ഇക്കാര്യം നിങ്ങളുടെ ഹൗസിംഗ് സൊസൈറ്റിയേയും അറിയിക്കുക.
- ആധുനിക സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് എപ്പോഴും പ്രയോജനപ്രദമാണ്. ഡോർ അലാറം, ഇലക്ട്രോണിക് ഐ ബെൽ മുതലായവ ഇന്ന് വിപണിയിൽ ലഭ്യമാണ്. ഇത് സംബന്ധിച്ച് ഏതെങ്കിലും പ്രൊഫഷണലിന്റെ സേവനം തേടാവുന്നതാണ്.
- നിങ്ങളുടെ മുൻ വാതിലിൽ ഒരു 'പീപ്ഹോൾ' സ്ഥാപിക്കേണ്ടതും, അപരിചിതരെ വീടിനുള്ളിലേക്ക് കയറാൻ അനുവദിക്കുന്നതിന് മുൻപ് അവരെ തിരിച്ചറിയേണ്ടതുമാണ്.
- നിങ്ങളുടെ കൈയ്യിൽ അധികമായുള്ള താക്കോലുകൾ (Spare Keys) എളുപ്പത്തിൽ കാണാവുന്ന രീതിയിലോ, പതിവായി ഒളിപ്പിച്ചുവയ്ക്കുന്ന സ്ഥലങ്ങളിലോ സൂക്ഷിക്കരുത്.
- അറ്റകുറ്റപ്പണികൾക്കായി വരുന്ന ജോലിക്കാരുടെ യഥാർത്ഥ വിവരങ്ങൾ പരിശോധിക്കുക. അവർ നിർദ്ദേശിക്കുന്ന ഫോൺ നമ്പർ അല്ലാതെ ഫോൺബുക്കിൽ പട്ടികപ്പെടുത്തിയിട്ടുള്ള ഫോൺ നമ്പറുകൾ ഉപയോഗിക്കുക.
- പരിചയമില്ലാത്ത സന്ദർശകരെ കുറിച്ച് നിങ്ങളുടെ ഹൗസിംഗ് കോളനിയിലെ ബന്ധപ്പെട്ടവരെ അറിയിച്ചാൽ, അത്തരം സന്ദർശകരെ പ്രവേശന കവാടത്തിൽ തന്നെ പരിശോധിച്ച് വിവരങ്ങൾ മനസ്സിലാക്കാൻ കഴിയുന്നതാണ്.
- നിങ്ങളുടെ ഹൗസിംഗ് സൊസൈറ്റിയുടെ ഓഫീസിലോ, പ്രവേശനകവാടത്തിലെ കാവൽക്കാരന്റെ ക്യാബിനിലോ നന്നായി രൂപകൽപ്പന ചെയ്ത ഇലക്ട്രോണിക്

അലാറം ഘടിപ്പിക്കുന്നത്, അടിയന്തരഘട്ടങ്ങളിൽ എല്ലാവർക്കും ഒരേ സമയം അലാറം സിഗ്നലുകൾ അയയ്ക്കാൻ സഹായകമായിരിക്കും.

- അറ്റകുറ്റപ്പണികൾക്കായി വീട്ടിൽ എത്തുന്ന ജോലിക്കാരനെയോ, വിൽപ്പനക്കാരനെയോ മറ്റാരുടെയും സാന്നിദ്ധ്യത്തിലല്ലാതെ വീടിനുള്ളിൽ പ്രവേശിപ്പിക്കാൻ പാടില്ല.
- വീട്ടിൽ ജോലിക്കായി ആളെ നിയമിക്കുമ്പോൾ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിച്ച് അയാളുടെ യഥാർത്ഥ പേര്, വിലാസം എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തുക.

എസ് ശ്രീജിത്ത് ഐ പി എസ്
അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്
For Director General of Police-cum-State Police Chief

സ്വീകർത്താവ് : എല്ലാ ഉദ്യോഗസ്ഥർക്കും - വ്യാപക പ്രചരണം നടത്തുന്നതിനായി

Internal Administrative Processing System
iAPS
KERALA POLICE